LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

ദേവികുളം
ബ്ലോക്ക് പഞ്ചായത്ത്
ബഡ്ജറ്റ്
2025- 2026



DEVIKULAM
BLOCK PANCHAYAT
BUDGET 2025-2026

Scanned with OKEN Scanner

ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് 2025-2026

.ടൂറിസം യുവജനക്ഷേമം

.പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം

.കാർഷിക ക്ഷീരമേഖലയിൽ സഹായം

.ഗ്രാമീണ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ

.പഴം,പച്ചക്കറി കൃഷി പ്രോത്സാഹനം

.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

.പശ്ചാത്തല സൗകര്യം ഒരുക്കൽ

.മോഡുലാർ ടോയ്ലെറ്റ്

.വയോജനങ്ങൾക്കായി ഹാപ്പിനെസ്സ് പാർക്

.ഭിന്നശേഷി സ്കോളർഷിപ്

.ആരോഗ്യസുരക്ഷ

.ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാം

.അഗതികൾക്കും വയോജനങ്ങൾക്കും സഹായം

.ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പാർപ്പിട സൗകര്യം

.ജനസേവനം കാര്യക്ഷമമാക്കൽ

Scanned with OKEN Scanner

ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് 2025-26

ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ബ്ലോക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, സഹോദരീ സഹോദരൻമാരെ,

2020 ഡിസംബർ മാസം അധികാരത്തിൽ വന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അഞ്ചാമത്തെ ബജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

ജനജീവിതത്തെ ബഹുതലങ്ങളിൽ സ്വാധീനിക്കുന്ന ജൈവ രേഖയാണ് ബജറ്റ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 2025 -26 സാമ്പത്തിക വർഷത്തെ ബഡ്ജെറ്റുകൾ അവതരിപ്പിച്ചു കഴിഞ്ഞു .കാർഷിക തകർച്ചയും സാമ്പത്തിക വളർച്ചയിലെമുരടിപ്പും, രൂപയുടെ മൂല്യശോഷണവും, പണപ്പെരുപ്പവും, വിലക്കയറ്റവും കൊണ്ട് മഹാപൂരിപക്ഷത്തിന്റെ ജീവിതവും ദുരിതപൂർണ്ണമായിരിക്കുന്നു. നിർഭാഗ്യവശാൽ കേന്ദ്ര ബജറ്റ് ഇത്തരം പ്രശ്നങ്ങൾക്കൊന്നും പരിഹാരം നിർദേശിക്കുന്നില്ല.കേന്ദ്രസർക്കാർ സാർവത്രികമായ ഉദാരവൽക്കരണത്തിനു ഊന്നൽ നൽകുന്നതോടൊപ്പം സാധാരണക്കാർക്ക് ആശ്വാസകരമായ സാമൂഹ്യ ക്ഷേമ മേഖലകളുടെ വിഹിതം വെട്ടികുറക്കുകയും, തൊഴിലുറപ്പ പദ്ധതിക്കും, ക്ഷേമ പെൻഷന് വേണ്ട വകയിരുത്തലിൽ വർദ്ധനവ് വരുത്താനും തയ്യാറായിട്ടില്ല .മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്കു ബജറ്റ് വിഹിതത്തിൽ വൻ വർദ്ധനവ് വരുത്തുകയും എന്നാൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളോട് പ്രത്യേകിച്ച് കേരളത്തോട് ക്രൂരമായ അവഗണനയുമാണ് കാട്ടിയത് .കേരളത്തോട് സ്വീകരിച്ചു വരുന്ന പ്രതികാര നടപടികളുടെ തുടർച്ച കേന്ദ്ര ബഡ്ജറ്റിലും പ്രതിഫലിച്ചു. സമാനതകൾ ഇല്ലാത്ത ദുരിതം നേരിട്ട വയനാട് മുണ്ടക്കൈ പ്രളയബാധിതരുടെ പുനരധിവാസം, അതിവേഗം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന വിഴിഞ്ഞം തുറമുഖപദ്ധതിയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കായി പ്രത്യേകസഹായം, കേരളത്തിന്റെ ദീർഘകാല മായുള്ള ആവശ്യം "AIMS"എന്നിവയും അനുവദിച്ചില്ല .

ഈ സാഹചര്യങ്ങൾ നില നിൽക്കുമ്പോഴും കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര സർക്കാർ തീർത്ത സാമ്പത്തിക ഉപരോധത്താൽ കേരളം നേരിട്ട ധന ഞെരുക്കത്തെ തനത് വരുമാനം വർധിപ്പിച്ചു ക്രമേണയെങ്കിലും മറികടക്കാനായെന്ന ആത്മവിശ്വാസം സംസ്ഥാന ബജറ്റ് പ്രകടിപ്പിക്കുന്നു. സാമൂഹ്യസുരക്ഷാ,അടിസ്ഥാനസൗകര്യ വികസനം,സ്ത്രീ ശാക്തീകരണം ,വയോജന സംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകൾക്ക് പ്രത്യേക പരിഗണനയും നൽകുന്നു.സമാനതകളില്ലാത്ത അടിസ്ഥാന സൗകര്യവികസനമാണ് കഴിഞ്ഞ ഒൻപത് വർഷക്കാലം കേരളം കണ്ടത്.അതിലൂടെ ടൂറിസം വ്യവസായ മേഖലകളിൽ വൻ മുന്നേറ്റം നടത്താൻ കേരളത്തിനു കഴിഞ്ഞു.എല്ലാ എതിർപ്പുകളെയും അവഗണിച്ചു ദേശീയ പാത

Scanned with OKEN Scanner

വികസനവും , തീരദേശ ഹൈവേ യും വാട്ടർ മെട്രോ യും യാഥാർഥ്യമാക്കി. ആൾ തമസമില്ലാതെ അടഞ്ഞു കിടക്കുന്ന വീടുകൾ താമസ യോഗ്യമാക്കി ഹോം സ്റ്റേകൾ ആക്കി മാറ്റുന്നതിനും അതിലൂടെ വിനോദ സഞ്ചാരികളെ ആകർഷിച്ചുകൊണ്ടു തദ്ദേശീയരുടെ വരുമാനം വർധിപ്പിക്കുന്നതി ന്ബഡ്ജറ്റിൽ തുക വകയിരുത്തുകയും അതിൽ ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ മൂന്നാർ മേഖല കൂടി ഉൾപ്പെടുത്തിയതിലെ സന്തോഷം കൂടി ഈ അവസരത്തിൽ സംസ്ഥാന സർക്കാരിനെ അറിയിക്കുകയാണ് . മാനവികതയും ,മതേതരത്വവും ,നീതിബോധവും വെല്ലുവിളിക്കപെടുമ്പോൾ പ്രതീക്ഷയുടെ തുരുത്തായി കേരളം നിലനിൽക്കുകയാണ് സമാനതകളില്ലാത്ത ദുരന്തം നേരിട്ട വയനാട്ടിലെ ചൂരൽ മലയിലും ,മുണ്ടക്കൈയിലും ഉണ്ടായപ്പോൾ ഏവരെയും കൂട്ടിയോജിപ്പിച്ചു രക്ഷാപ്രവത്തനം സംഘടിപ്പിച്ചു മുന്നോട്ടുപോകാനും ആശ്വാസം എത്തിക്കുവാനും സർക്കാരിന് കഴിഞ്ഞു .ദുരിത ബാധിതരുടെ പുനരധിവാസത്തിൽ വ്യക്തമായ മാർഗരേഖ തയ്യാറാക്കി സർക്കാർ മുന്നോട്ട് പോകുകയാണ് ,ഇതാണ് പുതു വർഷത്തിലെ സുപ്രധാന ഉത്തരവാദിത്വം .

പ്രതീക്ഷകളും ആശങ്കകളും ഒരുപോലെ വരാനിടയുള്ള സമ്മിശ്രമായ ഒരു ഭാവിയാണ് നമ്മെ കാത്തിരിക്കുന്നത് .പോയ വർഷത്തെ കണക്കെടുപ്പ് സമ്മാനിക്കുന്ന നിരാശ ബോധത്തെ പുതുവർഷപ്പിറവി നിറക്കുന്ന പ്രത്യാശ തിളക്കം കൊണ്ട് മറികടക്കാനും ,നല്ല നാളേക്ക് വേണ്ടിയുള്ള പരിശ്രമങ്ങൾക്ക് കരുത്തു പകരാനും നമുക്ക് സാധിക്കണം .

കാര്യക്ഷമതയോടെയും, അച്ചടക്കത്തോടെയും, ദീർഘ വീക്ഷണ ത്തോടെയുമുള്ള ധനവിനിയോഗമാണ് സമൂഹത്തെയും രാജ്യത്തെയും പുരോഗതിയിലേയ്ക്ക് നയിക്കുന്നത്. സമസ്ത ജനവിഭാഗത്തിനും സന്തുലിതമായ വികസനം പ്രാപ്യമാക്കുക എന്നതായിരിക്കണം ഏതൊരു ഭരണ സമിതിയുടേയും വികസന കാഴ്ചപ്പാട്. താൽക്കാലിക ലാഭങ്ങൾക്കും, സങ്കുചിത വീക്ഷണങ്ങൾക്കുമപ്പുറം ദീർഘകാലത്തേയ്ക്ക് നിലനിൽക്കുകയും സമസ്ത ജന വിഭാഗത്തിനും ഗുണപ്രദമാവുകയും ചെയ്യുന്ന പദ്ധതികൾ ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് ഭരണ സമിതിയുടെ പ്രഖ്യാപിത ലക്ഷ്യം. എല്ലാത്തരം വിഭാഗീയതകൾക്കുമപ്പുറം പരിസ്ഥിതി സൗഹൃദ സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലം സൃഷ്ടിക്കലാണ് വികസനം.

ജനകീയാസൂത്രണ പദ്ധതിയുടെ 25 വർഷക്കാലത്തെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി അടുത്ത ഒരു വർഷക്കാലത്തേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന വികസന ലക്ഷ്യങ്ങൾ കൂടി നയസമീപനത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

കേരളത്തിലെ മലയോര ജില്ലകളിൽ ഒന്നായ ഇടുക്കി ജില്ലയിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ആളുകൾ താമസിക്കുന്ന ദേവികുളം ബ്ലോക്ക്

Scanned with OKEN Scanner

പഞ്ചായത്തിൻറ സമ്പൂർണ്ണ വികസനം ലക്ഷ്യം വെച്ചുകൊണ്ടാണ് ഞാൻ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മുൻപാകെ അവതരിപ്പിക്കുന്നത്.

ദേവികുളം ബ്ലോക്ക് പഞ്ചായത്തിൻറെ ഈ ഭരണസമിതിയുടെ അഞ്ചാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ 557878000/-രൂപ വരവും 522319719/-രൂപ ചിലവും 35558281/-രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഭരണ സമിതി നിലവിൽ വന്ന ശേഷം സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭവനനിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യ സുരക്ഷാ പദ്ധതികൾ, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഈ ഭരണ സമിതിയുടെ വരും നാളുകളിൽ വർഷങ്ങളായി തോട്ടം മേഖല ഉൾപ്പെടെയുള്ള ബ്ലോക്ക് പരിധിയിലെ തൊഴിലാളികളുടെ ക്ഷേമവും അവരുടെ സാമ്പത്തിക ഉന്നമനത്തിനും, ഉയർന്ന ജീവിത നിലവാരത്തിലെത്തിക്കുന്നതിനും ശ്രദ്ധാ പൂർവ്വമായ പദ്ധതികൾക്ക് മുൻഗണന നൽകി പ്രാവർത്തികമാക്കുന്നതാണ്. മുൻകാലങ്ങളിലെ പദ്ധതി ബഡ്ജറ്റിനെ അപേക്ഷിച്ച് വികസനത്തിൻറെ വിശാലമായ കാഴ്ചപ്പാടോടുകൂടിയാണ് ഞാൻ ഈ ബജറ്റ് ഭരണസമിതി സമക്ഷം സമർപ്പിക്കുന്നത്.

വന്യജീവി ശല്യം ഒഴിവാക്കുന്നതിന് ഹൈബ്രിഡ് ഹൈമാസ്റ്റ് ലൈറ്റുകൾ, ആദിവാസികുടികളിലെ സ്മാർട്ട് അംഗൻവാടി നിർമ്മാണം, മോഡുലാർ ടോയ്ലറ്റ് നിർമ്മാണം, പാലിയേറ്റീവ് കെയർ പദ്ധതികൾ, വനിത വിപണന കേന്ദ്രം, വൃദ്ധർക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകൽ, ഗ്ലൂക്കോമീറ്റർ നൽകൽ, Take a Break, ഡയാലിസിസ് യൂണിറ്റ് നിർമ്മാണ പൂർത്തീകരണം, സ്ഥിരം കൃഷിയ്ക്ക് ധനസഹായം, കുടിവെള്ള പദ്ധതികൾ,ഡ്രയിനേജുകളുടേയും ചെക്ക് ഡാമുകളുടേയും നിർമ്മാണം, അടിസ്ഥാനപശ്ചാത്തല വികസനം തുടങ്ങിയവ 2024-25 വർഷത്തിൽ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ശ്രദ്ധേയമായ വികസന പദ്ധതികളാണ്. കാർഷിക മേഖലയുടെ വികസനം മുന്നിൽകണ്ട് വിവിധങ്ങളായ പദ്ധതികൾ നാം നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയുടെ വികസനത്തിനായി 662500രൂപയും കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണത്തിനായി 2636619/-രൂപയും വകയിരുത്തിയിട്ടുള്ളത് നിർവ്വഹണ പുരോഗതിയിലാണ്. 2025-26 വർഷം കാർഷിക മേഖലയുടെ സമഗ്രവികസനത്തിനായി 30 ലക്ഷം രൂപയും, കാലിത്തീറ്റ വിതരണത്തിനായി 35 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വിവിധ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വന്യജീവിശല്യം ഒഴിവാക്കുന്നതിനുവേണ്ടി സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 150 ലക്ഷം രൂപ നീക്കി നീക്കിവച്ചിട്ടുള്ളത് ഈ സാമ്പത്തിക വർഷം പൂർത്തീകരികരിക്കും. മോഡുലാർ ടോയ്ലറ്റ് നിർമ്മാണത്തിന് 47,00,000/-രൂപയും നീക്കിവച്ചിട്ടുള്ളത് ഈ സാമ്പത്തിക വർഷം പൂർത്തീകരികരിക്കും.

Scanned with OKEN Scanner

ടൂറിസം യുവജനക്ഷേമം

ഇടുക്കി ജില്ലയിലെ ടൂറിസം പ്രധാന്യം പ്രേത്യേകം പറയേണ്ടതില്ലല്ലോ.ദേവികുളം ബ്ളോക്കിലെ ടൂറിസം മേഖയയിലെ വളർച്ച്ക്ക് പ്രധാനമായ തടസ്സം ടൂറിസ്റ്റ് സ്പോട്ടുകളിലേക്ക് ചെന്നെത്തുന്നതിനുള്ള സഞ്ചാരയോഗ്യമായ റോഡുകളുടെ നിലവാരമില്ലായ്മയായിരുന്നു.എന്നാൽ ടൂറിസം മേഖലയിലെ റോഡുകളും ലൈറ്റുകളും ഉൾപ്പെടെ അടിസ്ഥാന സൌകര്യ വികസനത്തിന് 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ 195500000/- രൂപ ഘട്ടം ഘട്ടമായി ചെലവഴിക്കാൻ കഴിഞ്ഞുവെന്നത് എടുത്തു പറയേണ്ടതാണ്.ടി മേഖലയിൽ ഇത്രയും തുക ചെലവഴിച്ചതിന്റെ ഫലമായി ധാരാളം കച്ചവടങ്ങൾ ഉൾപ്പെടെ വളരുകയും തന്മൂലം യുവജനങ്ങൾക്ക് തൊഴിലവസരങ്ങളുണ്ടായിട്ടുള്ളതുമാണ്.

പാർപ്പിടം

പി.എം.എ. വൈ (ഗ്രാമീൺ) പദ്ധതി പ്രകാരം നടപ്പുവർഷം 279 വീടുകൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പുരോഗതിയിലാണ്. 2023-24 -ൽ നിർമ്മാണം ആരംഭിച്ച വീടുകളിൽ 44 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 235 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്. ഇതിനായി കേന്ദ്ര വിഹിതം മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വിഹിതങ്ങൾക്ക് പുറമേ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി എസ്.സി. വിഭാഗം 342000/-, ടി.എസ്.പി.-810000/-, ജനറൽ- 1046000/- രൂപയും ആയി ആകെ 2198000/- രൂപ ഇതിനോടകം നമുക്ക് ചെലവാക്കാനായിട്ടുണ്ട്. 2025-26വർഷം പാർപ്പിട മേഖലയ്ക്കായി 2,80,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യരംഗത്ത് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന മറയൂർ, ദേവികുളം സി.എച്ച്.സികളുടെ പ്രവർത്തനങ്ങളിലൂടെ നിർദ്ധനരായ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്താനാകുന്നു. ടി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി മറയൂർ സി.എച്ച്.സി. കെട്ടിട നവീകരണത്തിനു വേണ്ടി 3.45 ലക്ഷം രൂപയും ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 14257000/- രൂപയും ലഭ്യമായിട്ടുണ്ട്

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 2500000./-രൂപയും ജീവിതശൈലീ രോഗമുള്ള വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ BP Apparatus ഉപകരണം എന്നിവ നൽകുന്നതിനായി 1450000/- രൂപയുടേയും തുക വകയിരുത്തി 2024-25 വർഷത്തെ പ്രവർത്തനവുമായി മുന്നോട്ട് പോവുന്നു. ബ്ലോക്ക് പഞ്ചായത്തിൻറ നേതൃത്വത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് സി.എച്ച്.സി. ദേവികുളത്തിൻറ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. 2025-26-ൽ വയോജനക്ഷേമത്തിനായി 62.5384 ലക്ഷം രൂപയും ഭിന്നശേഷിക്കാർ, കുട്ടികൾ എന്നിവരുടെ ക്ഷേമത്തിനായി 62.5384 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

Scanned with OKEN Scanner

(എ) പശ്ചാത്തല വികസനം.

മലയോര മേഖലയായതുകൊണ്ട് പ്രകൃതി ദുരന്തങ്ങളും വന്യജീവി ശല്യവും പലപ്പോഴും നമ്മുടെ ജനവാസമേഖലയ്ക്ക്, ഭീക്ഷണി സൃഷ്ടിക്കാറുണ്ട്. പ്രകൃതി ദുരന്തങ്ങളും, മഹാമാരിയും, വന്യമൃഗങ്ങളുടെ ശല്യവും മൂലം സമാനതകളില്ലാത്ത ദുരിതങ്ങൾക്കാണ് നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് സാക്ഷ്യം വഹിക്കുന്നത്. ഇത്തരം നാശനഷ്ടങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പ്രവർത്തികൾ നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കിയതിൽ 2024-25 വർഷം 47124769/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. 2025-2026 സാമ്പത്തിക വർഷം 35085000/-രൂപയാണ് പശ്ചാത്തല മേഖലയിൽ വകയിരുത്തിയിരിക്കുന്നത്. പാർപ്പിട മേഖലയ്ക്ക് 2,80,00,000/- രൂപ വികസന ഫണ്ടിൽ നിന്നും, 2,62,80,000 /- രൂപ കേന്ദ്ര സംസ്ഥാന വിഹിതമായും 4,47,12,000/-രൂപ ഗ്രാമ/ജില്ലാ വിഹിതമായും വകയിരുത്തിയിട്ടുണ്ട്.

(ബി)പട്ടികജാതി /പട്ടികവർഗ്ഗ മേഖല

കേരളത്തിൽ ഏറ്റവും അധികം പട്ടികജാതി സമുദായമുള്ള നമ്മുടെ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതിമേഖലയുടെ വികസനത്തിനായി 61008000/- രൂപ വകയിരുത്തിയിട്ടുണ്ട്. രാജ്യത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്ത് ആയ ഇടമലക്കുടി ഉൾപ്പെടുന്ന പ്രദേശം ഈ ബ്ലോക്ക് പഞ്ചായത്തിൻറെ കീഴിലാണ്. 2024-25 വർഷം 1,42,92,000/- രൂപ പട്ടികവർഗ്ഗ പദ്ധതി വിഹിതമായി ലഭിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. വിവിധ ഗോത്രവർഗ്ഗ വിഭാഗങ്ങളും, ദളിത് വിഭാഗങ്ങളും ബ്ലോക്ക് പരിധിയിൽ ജീവിച്ചു വരുന്നു. അവരിൽ ഭൂരിപക്ഷം ജനങ്ങളും ഭാഷാ ന്യൂനപക്ഷമായാണ് കണക്കാക്കിയിരിക്കുന്നത്. അടിസ്ഥാന ജീവിത സൗകര്യം പ്രാപ്യമാകാത്ത ധാരാളം തോട്ടം തൊഴിലാളികളും ഇവിടെ ജീവിച്ചു വരുന്നു.

മേൽപ്പറഞ്ഞ ജനവിഭാഗത്തിൻറ ജീവിത നിലവാരം ഉയർത്തുന്നതിന് പ്രതിബന്ധരാണ്. 2025-26 വർഷത്തിൽ, പട്ടികജാതി ഉപപദ്ധതി (Special Compont Plan) പശ്ചാത്തലം, 18302400/- രൂപ ഉൾപ്പെടെ 61008000/- രൂപയും പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub- Plan) പ്രകാരം 15308000/- രൂപയും വകയിരുത്തിയിരിക്കുന്നു. 4735 പട്ടികവർഗ്ഗ കുടുംബങ്ങളും 12085 പട്ടികജാതി കുടുംബങ്ങളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ജീവിച്ചു വരുന്നു.

(സി)വനിതാ ഘടക പദ്ധതി ഉൾപ്പെടെ വികസന പരിപാടി

2024-25 വർഷം വനിതാ ഘടക പദ്ധതിയ്ക്ക് 11823563/-രൂപയും, ഭിന്നശേഷിക്കാർ, കുട്ടികൾ എന്നീ മേഖലയ്ക്ക് 5911752/- രൂപയും വൃദ്ധർക്കായി 5911752/- രൂപയും വകയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തനത വർഷവും വനിതാ ഘടകപദ്ധതിയ്ക്ക് 12507680 രൂപയും, ഭിന്നശേഷി

Scanned with OKEN Scanner

കുട്ടികൾക്ക് 6253840 ലക്ഷം രൂപയും, വൃദ്ധർക്ക് 6253840 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി)പൊതുജനാരോഗ്യം

മറയൂരും, ദേവികുളത്തും പ്രവർത്തിക്കുന്ന രണ്ട് സി.എച്ച്.സികളാണ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്നത്. 2024-25 വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് മറയൂർ സി.എച്ച്.സിയ്ക്ക് 10 ലക്ഷം രൂപയും, പശ്ചാത്തല സൗകര്യ വികസനത്തിൽ കെട്ടിട നിർമ്മാണത്തിനു വേണ്ടി 1.4257000 കോടി ഹെൽത്ത് ഗ്രാൻറ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ദേവികുളം സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങുന്നതിന് 10 ലക്ഷം രൂപയും, വകയിരുത്തി പ്രവൃത്തി പുരോഗമിച്ചു വരുന്നു. തനത് വർഷവും രണ്ട് ആശുപത്രികളുടെയും സമഗ്ര വികസന പ്രവർത്തനത്തിന് തുക വകയിരുത്തിയിട്ടുണ്ട്. 2025-26 വർഷത്തിലും സി.എച്ച്.സി.കളുടെ ആധുനികവത്ക്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) കാർഷിക മേഖല

ദേവികുളം ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയ്ക്ക് പ്രഥമ പരിഗണന നൽകിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് സബ്സിഡി, ജലസേചനം, ചെക്ക്ഡാം നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം, കൂലി ചെലവ് പദ്ധതി എന്നിവ ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് 6,00,000/- രൂപ 2024-25 വർഷം വകയിരുത്തി പ്രവൃത്തി പുരോഗമിച്ചു വരുന്നു. 2025-26 വർഷം പ്രസ്തുത മേഖലയ്ക്ക് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്) യുവജന ക്ഷേമം

2024-25 വർഷത്തിൽ യുവജനങ്ങൾക്ക് വേണ്ടി നവംബർ മാസത്തിൽ മൂന്നാറിൽ വെച്ച് വിവിധ കലാകായിക മത്സരങ്ങളോടുകൂടി കേരളോത്സവം നടത്തുകയുണ്ടായി. ഈ ഇനത്തിൽ 1,74,253/ രൂപ ചെലവഴിച്ചു. തനത് വർഷം രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങളും, വായനശാലകൾക്ക് ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2,00,000/- രൂപ വകയിരുത്തുന്നു.

(ജി) സാമൂഹ്യക്ഷേമം

സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന ബ്ലോക്ക് നൽകുന്നതിൻറെ ഭാഗമായി സാമൂഹ്യ സുരക്ഷാ പ്രവർത്തന ഫണ്ട്, പാലിയേറ്റീവ് കെയർ, ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പദ്ധതി, വൃദ്ധർക്ക് അടിസ്ഥാന സൗകര്യ വികസനം , ഭിന്ന മേഖലയ്ക്കായി 2024-2025 വർഷം ആകെ 108 ലക്ഷം രൂപ വകയിരുത്തി. പ്രവർത്തനം നടന്നു വരുന്നുണ്ട്.ഈ സാമ്പത്തിക വർഷം 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

Scanned with OKEN Scanner

(എച്ച്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേവികുളം ബ്ലോക്ക് പഞ്ചായത്തിൻറെ വാർഷിക പദ്ധതി നിർവ്വഹണത്തിലും ജനങ്ങൾക്ക് ഉപജീവനമാർഗ്ഗം നൽകി സാമ്പത്തിക-ജീവിത നിലവാരം ഉയർത്തുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംഭാവനകൾ എടുത്തു പറയത്തക്കതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 9,54,991 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിലൂടെ 37 കോടി 56 ലക്ഷത്തി 56,000രൂപ ചെലവഴിക്കുവാൻ സാധിച്ചു. 1521 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടൈബൽ പ്ലസ് പദ്ധതിയിലൂടെ 3,55,961 ദിവസം തൊഴിൽ നൽകുവാനും 2,173 കുടുംബങ്ങൾക്ക് തൊഴിൽ നൽകുവാനും കഴിഞ്ഞു എന്നുള്ളത് ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് അഭിമാനാർഹമായ നേട്ടമാണ്. ചെറുകിട, നാമമാത്ര കർഷകരുടേയും മറ്റ് പിന്നോക്കവിഭാത്തിൽപ്പെട്ട കുടുംബങ്ങളുടെയും തരിശു ഭൂമികൾ കൃഷിയോഗ്യമാക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തതിലൂടെ ഉൽപ്പാദനവർദ്ധനവ് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2023-2024 സാമ്പത്തിക വർഷത്തിൽ 969593 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു. ആയതുവഴി 39 കോടിയോളം രൂപ ചെലവഴിക്കുവാനും സാധിച്ചു. അമൃത സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി മുന്നാർ പഞ്ചായത്തിലെ ഇക്കാ നഗറിലും, വട്ടവട പഞ്ചായത്തിലെ പഴത്തോട്ടത്തും 65 സെന്റ്റ് വിസ്തൃതിയിലും, ശാന്തമ്പാറ ഗ്രാമപഞ്ചായത്തിൽ 60 സെൻറ് വിസ്തൃതിയിലും ജലസംരക്ഷണത്തിന്റെ ഭാഗമായി തടാകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിനും ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനും 2 വർക്ക് ഷെഡുകൾ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു. 2024-25 വർഷം 821095 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും 351500890/- രൂപ ചിലവഴിക്കാനും സാധിച്ചു. 1104636 തൊഴിൽ ദിനങ്ങളാണ് ലക്ഷ്യമിടുന്നത്.

2025-26 സാമ്പത്തിക വർഷത്തിൽ 1030939 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുകയും, 426025000/- രൂപ ദരിദ്ര വിഭാഗങ്ങളുടെ കൈകളിലെത്തിക്കുന്നതിനുള്ള പദ്ധതികളും ലക്ഷ്യമിടുന്നു. ആയതിലൂടെ നിർമ്മാണ പ്രവൃത്തികൾ അടക്കം 51985600 രൂപയോളം ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളസർക്കാറിൻെറ "വലിച്ചെറിയൽ മുക്തകേരളം പദ്ധതിയുടെ ഭാഗമായി -130 വാർഡുകളിലും 500 വീതം സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, കൂടാതെ, കാന്തല്ലൂർ പഞ്ചായത്തിൽ ഒന്നും,ശാന്തൻപാറ പഞ്ചായത്തിൽ ഒന്നും മാൻകുളം പഞ്ചായത്തിൽ നാലെണ്ണവും ഉൾപ്പടെ ആകെ 6 അംഗൻവാടികളുടെ നിർമ്മാണം, ഓരോ പഞ്ചായത്തിലും കളിസ്ഥലം, ഗ്രാമീണ മാർക്കറ്റുകൾ, ഔഷധ സസ്യത്തോട്ടങ്ങൾ എന്നിവയുടെ നിർമ്മാണവും 2025-26 വർഷത്തെ ആക്ഷൻ പ്ലാൻ വിഭാവനം

Scanned with OKEN Scanner

ചെയ്യുന്നു.വ്യക്തിഗത ആസ്തികളായ കാലിത്തൊഴുത്ത്, കോഴിക്കൂട്, ആട്ടിൻകൂട്, അസോള ടാങ്ക് എന്നിവയുടെ നിർമ്മാണങ്ങളും കൂടാതെ, കുളം നിർമ്മാണം, കിണർ റീ-ചാർജ്ജിംഗ് എന്നീ പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നു.

ദേവികുളം ബ്ലോക്ക് പഞ്ചായത്തിൻറെ വികസനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട് എന്നത് നിസ്സംശയം എടുത്തു പറയാവുന്നതാണ്.

(ഐ) ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാം പദ്ധതി

വിവിധ മേഖലകളിൽ ഇന്ത്യയിൽ പിന്നാക്കം നിൽക്കുന്ന ബ്ലോക്കുകളെ 39 Key Performance Indicator- ൽ സംസ്ഥാന രാജ്യ ശരാശരിയ്ക്ക് മുകളിൽ കൊണ്ടുവരുവാൻ NITI Aayog - ൻറെ ആഭിമുഖ്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പിന്തുണയോടെ നടത്തുന്ന പദ്ധതിയാണ് ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാം. ഇതിനായി ദേവികുളം ബ്ലോക്കിന് പ്രത്യേകമായി ഒരു Block Development Strategy രൂപീകരിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം., കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ശുചിത്വപദ്ധതികൾ, ഭവന പദ്ധതികൾ, കുടിവെള്ളം, ജലസേചനം, ബാങ്കിംഗ്, പട്ടികജാതി-പട്ടികവർഗ്ഗ വികസനം , ഇടുക്കി പാക്കേജ് തുടങ്ങിയ ഹെഡ്ഡുകളിൽ കേന്ദ്ര -സംസ്ഥാന സ്കീമുകൾ ഏകോപിപ്പിച്ച് പുരോഗമന പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 2024-25 സാമ്പത്തിക വർഷത്തിലേയ്ക്ക് ബ്ലോക്ക്തല ആരോഗ്യ കേന്ദ്രങ്ങളുടെ നവികരണവും അതുവഴി ഉയർന്ന ആരോഗ്യ പരിരക്ഷയും വിഭാവനം ചെയ്യുന്നു.

ദേവികുളം ബ്ലോക്ക് പ്രദേശത്തെ ദരിദ്രജനവിഭാഗത്തിൻറ ഉന്നമനത്തിനായും ബ്ലോക്ക് പ്രദേശത്തെ അവികസിത മേഖലയുടെ പശ്ചാത്തല വികസനത്തിനായും ലഭ്യമായ പദ്ധതി വിഹിതത്തിനുള്ളിൽ നിന്നു കൊണ്ട് ഏറ്റവും കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. പ്രസ്തുത ബഡ്ജറ്റ് ഭരണ സമിതി സമക്ഷം ചർച്ചയ്ക്കും, നിർദ്ദേശങ്ങൾക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)

നാരായണൻ മാഠസ്വാമി

വൈസ് പ്രസിഡന്റ് &ചെയർമാൻ

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ദേവികുളം ബ്ലോക്ക്പഞ്ചായത്ത്

ദേവികുളം

26/03/2025

Scanned with OKEN Scanner

ബജറ്റ് - 2025-26

വരവുകൾ

വരവിനം	2023-24 വർഷത്തെ യഥാർത്ഥ വരവുകൾ	നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2024-25	2025-26വർഷത്തെ ബജറ്റ്
തനത് റവന്യൂ			
റവന്യൂ നികുതികൾ	ഇല്ല	ഇല്ല	ഇല്ല
ആകെ റവന്യൂ നികുതികൾ		ഇല്ല	ഇല്ല
നികുതിയിതര റവന്യൂ			
ജനറൽ പർപ്പസ് ഫണ്ട് (തൻവർഷം ലഭിച്ചത്)	6312000	7069200	8867000
ജനറൽ പർപ്പസ് ഫണ്ട് (ഡ്യൂ ബാക്കി)	13224734	13943457	16800000
ജനറൽ പർപ്പസ് ഫണ്ട്	19536734	21012657	25667000
കെട്ടിടങ്ങളിൽ നിന്നുള്ള വാടക/സെക്യൂരിറ്റി	99113	191666	1215000
ടെണ്ടർ ഫാറങ്ങൾ വിൽപ്പന	3540	5465	30000
മറ്റ് ഭൂമി/വിറ്റ് വരവുകൾ/അഡ്വാൻസ് തിരികെ(MGNREGA)/മറ്റു വരവുകൾ	661554	3078495	1300000
സെക്യൂരിറ്റി -ഇ. എം. ഡി	0	0	500000
കോണ് ട്രാക്ടറുടെ റിറ്റെൻഷൻ	0	44922	1000000
ഉണ്ടാകാത്ത വിഹിതം	0	100000	250000
ബാങ്ക് അക്കൌണ്ടുകളിൽ നിന്നുള്ള പലിശ വരവ്	479783	702683	810000
ആകെ നികുതിയിതര റവന്യൂ	2135990	5123231	5105000
ആകെ	21672724	26135888	30772000
വികസന ഫണ്ട്			
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	20525144	6294000	8067000
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied)	10647027	4196000	5378000
ഡവലപ്മെന്റ് ഫണ്ട് ജനറൽ	51471000	33786000	37829000
ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി	57014000	38008400	13715000
ഡവലപ്മെന്റ് ഫണ്ട് ടി.എസ്.പി	14292000	9528000	7406000
ആകെ	153949171	91813400	72395000
സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മെയിൻറനൻസ് ഗ്രാൻറ് (റോഡിതരം)	12513000	5559400	9497000
ക്രഡിറ്റ്മിഷൻ	0	0	0
കേന്ദ്ര - സംസ്ഥാന പരിഷ്കരണ പദ്ധതികൾ	0	0	0
കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽനിന്നുള്ള വരവ്)	100000	0	200000
സാക്ഷരതമിഷൻ	0	0	0
ഹോർട്ടികൾച്ചർ മിഷൻ	0	0	0
ആകെ	12613000	5559400	9697000
കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	349664000	347002000	359765000
പി.എം.എ.വൈ (കേന്ദ്രവിഹിതം)	10560000	5808000	26280000
രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി	0	2587173	0
പി. എം. കെ. എസ് വൈ	0	0	0
നബാർഡ് - ആർ. ഐ. ഡി. എഫ്	0	0	0
ഹെൽത്ത് ഗ്രാൻറ്	0	14257000	14257000
ആകെ	360224000	369654173	400302000
മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ			
പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം	5642000	6930000	26082000
പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം	4270000	815000	18630000
ആകെ (മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ)	9912000	7745000	44712000
ആകെ വരവുകൾ	558370895	500907861	557878000

Scanned with OKEN Scanner

ചെലവിനം	2022-23 വർഷത്തെ യഥാർത്ഥ ചെലവുകൾ	നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2023-24)	2023-24 വർഷത്തെ ബജറ്റ്
തനത് വരുമാനത്തിൽ നിന്നുള്ള നിർബ്ബന്ധിത ചെലവുകൾ			
എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ			
ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം	737560	552974	552974
സ്ഥിരം ജീവനക്കാരുടെ യാത്രാപ്പടി	19905	33120	35,000
ദിവസ വേതനക്കാർക്കുള്ള യാത്രാപടി	38296	8400	8,000
ദിവസ വേതനക്കാർക്കുള്ള ഉത്സവ ബത്ത	2,000	2,420	2,420
സ്ഥിരം / താത്കാലിക ജീവനക്കാരുടെ ഹോണറേറിയം	16,100	4,28,353	4,52,000
സെക്രട്ടറിയുടെ ടെലിഫോൺ അലവൻസ്	2,856	2,856	2,856
പ്രസിഡന്റിന്റെ ഹോണറേറിയം	187200	187200	187200
പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ്	2,856	2,856	2,856
വൈസ് പ്രസിഡന്റിന്റെഹോണറേറിയം	156000	156000	156000
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറേറിയം	352800	352800	352800
മെമ്പർമാരുടെ ഹോണറേറിയം	825600	825600	825600
വൈസ് പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ്	2856	2856	2856
പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ്	14500	13250	13500
വൈസ് പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ്	13500	7500	8500
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സിറ്റിംഗ് അലവൻസ്	31500	27000	28000
മെമ്പർമാരുടെ സിറ്റിംഗ് അലവൻസ്	65200	56250	57000
പ്രസിഡന്റിന്റെ യാത്രപ്പടി	24000	26400	27000
വൈസ് പ്രസിഡന്റിന്റെ യാത്രപ്പടി	7000	7386	7500
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടെ യാത്രപ്പടി	20000	14600	15000
മെമ്പർമാരുടെ യാത്രപ്പടി	30000	25124	27000
ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	2549729	2732945	2764062
ഭരണപരമായ ചെലവുകൾ			
കെട്ടിടനികുതി (other Taxes)	199237	0	5000
ഓഫീസിന്റെ വൈദ്യുതി ചാർജ്ജ്	1,79,547	1,60,844	1,75,000
ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചിലവുകൾ	21422	22400	30000
contributions from own fund	105000	15000	20000
ഓഫീസിന്റെ ടെലിഫോൺ ചാർജ്ജ്	35000	3270	5000

Scanned with OKEN Scanner

Internet, Printing charges	0	26957	30000
പ്രസിദ്ധീകരണങ്ങൾ , ദിനപത്രങ്ങൾ , പുസ്തകങ്ങൾ	25000	14040	15000
പ്രിന്റിംഗ് ചിലവുകൾ	20000	31207	30000
സ്റ്റേഷനറി ചിലവുകൾ	23000	18393	20000
കേരളോത്സവം	111302	174253	100000
ഓഫീസ് വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇനം	36385	12663	25000
Workshops/seminars/others(Ceremonies_etc)		21074	20000
മറ്റ് വകകൾ(GST...)	285520	134074	135000
മറ്റ് ഓഫീസ് മെയിന്റനൻസ് ചെലവുകൾ	200000	71500	72000
മറ്റ് ഭരണപരമായ ചെലവുകൾ	419037	287977	300000
പാനാഡെലിക്/എപ്പിഡെമിക് കണ് ട്രോൾ ചിലവ്	15000	14205	5000
ഐഎസ്.ഓ സർട്ടിഫിക്കേഷൻ /സ്ഥാപനങ്ങൾക്ക് നൂതന സംവിധാനങ്ങളിൽ ഏർപ്പെടുത്തൽ	15000	0	15000
പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ്	215000	232848	235000
ഓഫീസ് വാഹനത്തിന്റെ ഇന്ധന ചെലവ്	210000	102811	110000
മറ്റ് വാഹനത്തിന്റെ ഇന്ധന ചെലവ്	10000	1000	1000
ഓഫീസ് ആവശ്യത്തിന് / ഘടക സ്ഥാപനങ്ങൾ വാഹനം വാടകയ്ക്ക് എടുത്തതിനുള്ള ചിലവ്	208983	249478	250000
വാഹനങ്ങളുടെ റിപ്പയർ, മെയ്റ്റനൻസ് ചെലവുകൾ	125000	48392	49000
MGNREGS Advance നൽകിയത്	1133696	792927	919267
പത്ര പരസ്യം	25000	15065	50000
EMD release	22500		10000
ബാങ്ക് ചാർജ്ജ്	589	2006	2000
ആകെ ഭരണപരമായ ചെലവുകൾ	3641218	2452480	2628267
ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ			
പദ്ധതി ചെലവുകൾ	2555718	759401	100000
ഉണ്ടാകുവിഹിതം	0	0	0
സെക്യൂരിറ്റി/ഇ. എം. ഡി	0	0	500000
ആകെ	2555718	759401	600000
ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ	8746665	5944826	5992329
വികസന ഫണ്ട്			
വികസന ഫണ്ട് (ജനറൽ)			
ഉത്പാദന മേഖല പദ്ധതികൾ	11580975	3396551	11348700
സേവന മേഖല പദ്ധതികൾ	17371462	5400701	15139600
പശ്ചാത്തല മേഖല പദ്ധതികൾ	9650813	1673543	11348700
	38603250	10470795	37829000
വികസന ഫണ്ട് (പട്ടികജാതി വിഭാഗം)			
ഉത്പാദന മേഖല പദ്ധതികൾ	12828150	3074000	4114500
സേവന മേഖല പദ്ധതികൾ	19242225	5218502	5486000
പശ്ചാത്തല മേഖല പദ്ധതികൾ	10690125	3450000	4114500
	42760500	11742502	13715000

Scanned with OKEN Scanner

വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം)			
ഉത്പാദന മേഖല പദ്ധതികൾ	375700	208960	222800
സേവന മേഖല പദ്ധതികൾ	4823550	4770000	2962400
പശ്ചാത്തല മേഖല പദ്ധതികൾ	2679750	928728	222800
ആകെ	10719000	7778688	7406000
ധനകാര്യ കമ്മീഷൻ ഗ്രാൻറ്(Tied)	12240070	5849534	8067000
ധനകാര്യ കമ്മീഷൻ ഗ്രാൻറ്(Un Tied)	4982879	2026257	5378000
ആകെ	17222949	7875851	13445000
സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മെയ്റ്റനൻസ് - റോഡിതര ആസ്തികൾ	7125589	2822016	9497000
ഇൻസിന്റിവിഷൻ	0	0	0
കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ	0	0	0
കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽ നിന്നുള്ള വിഹിതം)	100000	0	200000
സാക്ഷരതമിഷൻ	0	0	0
ഹോർട്ടികൾച്ചർ മിഷൻ(ഇടുക്കി പാക്കേജ്)	0	0	0
ആകെ	7225589	2822016	9697000
കേന്ദ്രാവിഷ്കൃത പദ്ധതികൾ			
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	343558000	347002000	371248390
പി.എം.എ.വൈ (കേന്ദ്രവിഹിതം)	10560000	0	27500000
രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി	0	2587173	0
നബാർഡ് - ആർ. ഐ. ഡി. എഫ്	0	0	0
പി. എം. കെ. എസ്. വൈ	0	0	0
ഹെൽത്ത് ഗ്രാൻറ്	0	0	14257000
ആകെ	354118000	349589173	413005390
മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ			
പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം	5642000	6930000	2600000
പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം	4270000	815000	18630000
ആകെ-മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ	9912000	7745000	21230000
ആകെ ചെലവുകൾ	489307953	403970061	522319719
നീക്കിയിരിപ്പ്	69062942	96937810	35558281

Scanned with OKEN Scanner